പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2234 11.6.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യ നീതിക്കുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യ നീതിക്കുമായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. വിദ്യാജ്യോതി പദ്ധതി<br>2. വിദ്യാകിരണം പദ്ധതി<br>3. വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം<br>4. തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം<br>5. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി<br>6. അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി<br>7. സ്വാശ്രയ പദ്ധതി<br>8. അസിസ്റ്റീവ് ഡിവൈസസ്<br>സർക്കാർ സാമ്പത്തിക സഹായം നൽകുന്ന സംഘടനകൾ<br>1. Insight Project(SPACE)<br>2. District Psychiatric Rehabilitation Project(IMHANS)<br>3. യോഗ ക്ലാസ്സ്<br>4. മൊബൈൽ മെന്റൽ ഹെൽത്ത് സെന്റർ<br>5. ഡേ കെയർ സെന്ററുകൾ<br>ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ മാസം മുതൽ നടപ്പാക്കി വരുന്നു. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക |

പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള "സമഗ്ര ജീവിത ചക്ര സമീപനമാണ്" അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്.

അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. 'കാതോരം' പദ്ധതി.
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. ഹെൽപ്പ് ഡെസ്ക്
8. പ്രോജക്ട് ഓട്ടിസം
9. സ്പെഷ്യൽ അങ്കണവാടികൾ
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
11. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
12. കറക്ഷൻ സർജറികൾ
13. Student Initiative in Community Rehabilitation പദ്ധതി
14. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

15. വ്യക്തിഗത പരിപാലന പദ്ധതി
16. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം
17. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എം.പവർ
18. പരിക്കുകൾ മൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
19. അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്
20. പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിയ്ക്കുമായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതി. ബി.പി.എൽ വിഭാഗത്തിന് വായ്പാ സബ്സിഡി-

മരണപ്പെട്ട ഭിന്നശേഷിക്കാരായ 31 പേരുടെ വായ്പ പൂർണ്ണമായി എഴുതി തള്ളി ജാമ്യ രേഖകൾ തിരിച്ചു നൽകി. കാലാവധി കഴിഞ്ഞിട്ടും വായ്പാ കടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കാത്ത 212 പേരുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശയിൽ ഇളവ് നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ഇതിനെല്ലാമായി 1834 കോടി രൂപ വികലാംഗക്ഷേമ കോർപ്പറേഷന് അനുവദിച്ചു നൽകി.

2. സ്വയം തൊഴിൽ പദ്ധതി(ബാങ്ക് വായ്പ സബ്സിഡി)

3. ഭിന്നശേഷിക്കാർക്കുള്ള സഹായ സാമഗ്രികളുടെ സൗജന്യ വിതരണം

4. മോട്ടോറൈസ്ഡ് അഡാപ്റ്റീവ് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി

5. ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം

| | |
|---|---|
| | 6. വൈകല്യം ബാധിച്ച ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സ്ഥിരനിക്ഷേപ പദ്ധതി<br>7. സമർത്ഥരായ ഭിന്നശേഷിക്കാർക്ക് അവാർഡ് വിതരണം<br>8. സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം<br>9. വൃദ്ധസദനം, പാറശാല<br>10. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ സംവിധാനമുള്ള ലാപ് ടോപ് തുടങ്ങിയവയുടെ സൗജന്യ വിതരണം<br>11. എം.ആർ.എസ്.റ്റി യൂണിറ്റിന്റെ നവീകരണം<br><br>(വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) |
| (ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;വിശദവിവരം അറിയിക്കുമോ? | (ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. പരിരക്ഷാ പദ്ധതി- അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിന് പരിരക്ഷ എന്ന പദ്ധതി നടപ്പ സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നു. അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കിരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര സഹായം നൽകുക, അലഞ്ഞു തിരിഞ്ഞു കാണുന്നവരെ ക്ഷേമ സ്ഥാപനങ്ങളിലെത്തിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ് സഹായം നൽകുന്നത്. ടി ആവശ്യത്തിനായി ഒരു ജില്ലയ്ക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. എല്ലാ ജില്ലയ്ക്കും 1 ലക്ഷം രൂപ വീതം മുൻകൂറായി അനുവദിച്ചിട്ടുണ്ട്. |

2. Stephen Hawkins Centre for Excellence(SHCE)- കലാകായിക, ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള അംഗപരിമിതരായ കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി അവരുടെ മികവ് തെളിയിക്കുന്ന രീതിയിൽ പഠന സാദ്ധ്യതകൾ ഉറപ്പ് വരുത്തുന്നതിനായി Stephen Hawkins Centre for Excellence NISH/NIPMR ന്റെ അടിസ്ഥാന സൗകര്യങ്ങളുപയോഗിച്ച് പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
3. പുനർജ്ജനി പദ്ധതി- അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി പുനർജ്ജനി എന്ന പേരിൽ ക്ഷേമ സ്ഥാപനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ടി പ്രോജക്ട് സർക്കാർ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ കാരുണ്യാശ്രമം എന്ന സ്ഥാപനം നവീകരിച്ചാണ് ടി പ്രോജക്ട് നടപ്പാക്കുന്നത്. പാലക്കാട് നിർമ്മിതി കേന്ദ്രം മുഖേന കെട്ടിട നവീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.
4. Rights of Persons with Disabilities Act, 2016 ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അംഗപരിമിതരുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാനതല ചട്ടങ്ങളുടെ കരട് പരിശോധിച്ചു വരുന്നു.

| | |
|---|---|
| | കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന 2016 ലെ RPWD ആക്റ്റിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള അംഗപരിമിതികളായ പാർക്കിൻസൺസ് രോഗം പോലെയുള്ള ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡറുകൾ, താലസ്സീമിയ, ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, രക്തസംബന്ധമായ ഡിസോർഡറുകൾ തുടങ്ങിയ ഭിന്നശേഷി വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>തൊഴിൽ മേളയും, വിതരണക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങളെ പ്രദർശിപ്പിക്കാൻ സഹായിക്കുന്ന തരത്തിലും ക്രെഡിറ്റ് അടിസ്ഥാനത്തിലും, ഗുണഭോക്താക്കൾക്ക് അവരുടെ ഇഷ്ടാനുസരണമുള്ള ഏതെങ്കിലും ബ്രാൻഡ് തിരഞ്ഞെടുക്കാവുന്ന തരത്തിലും എന്നാൽ വിപണിയെക്കാൾ കുറഞ്ഞ വിലയിലും നൽകുന്നതിനായി അസിസ്റ്റീവ് ഉപകരണങ്ങളുടെ ഷോറൂമുകൾ സ്ഥാപിക്കുക എന്നിവയുമാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി 2018-19 -ൽ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. **വിദ്യാജ്യോതി പദ്ധതി-:**

9 - ാം ക്ലാസ്സ് മുതൽ PG വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക്, യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന പദ്ധതി നടപ്പാക്കുന്നു.

2. **വിദ്യാകിരണം പദ്ധതി:-**

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ (മാതാവ്/പിതാവ്,രണ്ടുപേരും) മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മുഖേന പദ്ധതി നടപ്പാക്കുന്നു.

3. **വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം:-**

ഡിഗ്രിയോ, അതിനു മുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവരും ഭിന്നശേഷിക്കാരുമായവർക്ക് വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനായി ഒരു വർഷം 10,000/- രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

4. **തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം:-**

സ്കൂൾ പഠനം പൂർത്തിയാക്കുവാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്/ പന്ത്രണ്ടാം ക്ലാസ് തുല്യതാപരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസും, കോഴ്സ് ഫീസും അനുവദിക്കുന്ന പദ്ധതി.

5. **ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി:-**

സ്വാവലംബൻ -അംഗപരിമിതർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി.

6. **അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി (Individual Care Plan):-**

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾക്കനുസൃതമായി വ്യക്തിഗത പരിപാലന പദ്ധതി (Individual Care Plan) നടപ്പാക്കുന്നതിന് 4,36,90,850/-

രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന അങ്കണവാടി വർക്കർ മുഖേന വിവരശേഖരണം നടത്തുന്ന പ്രസ്തുത പദ്ധതിയിലേക്കായി മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. സ്വാശ്രയ പദ്ധതി:-

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ മാതാവിന് /രക്ഷിതാവിന് (സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ചെയ്യുന്നതിന് 35,000/- രൂപ വരെ ഒറ്റത്തവണ വായ്പ അനുവദിക്കുന്ന പദ്ധതിയ്ക്ക് നടപ്പു വർഷം സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

8. അസിസ്റ്റീവ് ഡിവൈസസ്:-

അംഗപരിമിതരുടെ കൃത്യനിർവഹണത്തിന് തടസമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന ഒരു പദ്ധതിക്കായി നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ എല്ലാ ജില്ലകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

9. ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നതിനായി 2016- 17, 2017 - 18 വർഷങ്ങളിൽ NISH ന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

സർക്കാർ സാമ്പത്തിക സഹായം നൽകുന്ന സംഘടനകൾ

1. Insight Project (SPACE):-

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനായി SPACE എന്ന NGO മുഖേന Insight എന്ന പ്രോജക്ട് നടപ്പിലാക്കിവരുന്നു.

2. **District Psychiatric Rehabilitation Project (IMHANS): -**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകിവരുന്ന ചികിത്സ മെച്ചപ്പെടുത്തി അവരെ സാമൂഹിക അടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് എന്ന IMHANS District Psychiatric Rehabilitation Project പദ്ധതി നടപ്പിലാക്കി വരുന്നു.

3. **യോഗക്ലാസ്:-**

വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന ആശാഭവനുകളിലെ അന്തേവാസികളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി യോഗ പരിശീലനവും നൽകിവരുന്നു.

4. **മൊബൈൽ മെന്റൽ ഹെൽത്ത് സെന്റർ-:**

വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് IMHANS മുഖേന മൊബൈൽ മെന്റൽ ഹെൽത്ത് പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ആദ്യ ഗഡു തുക 2018 മാർച്ചിൽ അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് പുരോഗതി നിരീക്ഷിച്ച് വരുന്നു.

5. **ഡേ കെയർ സെന്ററുകൾ:**

മാനസിക രോഗബാധിതർക്കായി കോഴിക്കോട് IMHANS മുഖേനയും മാനസിക **വെല്ലുവിളികൾ നേരിടുന്നവർക്കായി ആദർശ് ചാരിറ്റബിൾ ട്രസ്റ്റ് എറണാകുളം** ഫെയ്ത്ത് ഇന്ത്യ പാലക്കാട് എന്നിവ മുഖേനയും ഡേ കെയർ സെന്റർ നടപ്പിലാക്കിവരുന്നു.

## അനുയാത്ര - പ്രവർത്തനങ്ങൾ

1. **അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുളള പ്രവർത്തനങ്ങൾ**

അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതിനായി ജന്മനായുളള വൈകല്യങ്ങൾക്ക് കാരണമാവുന്ന അവസ്ഥകളെ സംബന്ധിച്ചും, വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളായ (Determinants of Disability) അനീമിയ, ചെറിയ പ്രായത്തിലുളള വിവാഹങ്ങൾ, താമസിച്ചുവുന്ന ഗർഭധാരണം, Consanguinity തുടങ്ങിയവയെ സംബന്ധിച്ചും പൊതു സമൂഹത്തിനായി വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കും. ഇതോടൊപ്പം വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകി കൊുളള വിവാഹ പൂർവ്വ കൗൺസിലിംഗുകൾ സാർവത്രികമാക്കാനുളള പ്രവർത്തനങ്ങളും അനുയാത്രയുടെ ഭാഗമായി ആരംഭിക്കും. ഗർഭധാരണ സമയം മുതൽ പ്രസവാനന്തരം വരെയുളള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും ഈ പ്രവർത്തനങ്ങൾ നടപ്പാക്കുക. ആർജ്ജിത വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിനുളള പ്രവർത്തനങ്ങളും നടപ്പാക്കുന്നതാണ്.

കൂടാതെ വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ, വാക്സിൻ സൗജന്യമായി നൽകുന്നു.

2. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും**

വൈകല്യങ്ങൾ എത്രയും നേരത്തെ കത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനുളള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ട്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുളളത്. 9 ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കാനുളള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.

3. **നിലവിലുളള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം**

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുളള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് അധികമായി വേിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കും.

4. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നു്. ഗ്രാമപ്രദേശങ്ങളിൽ ഉളളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

5. കാതോരം

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായ സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കും. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കും. 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾ NISH, NIPMR, മെഡിക്കൽ കോളേജുകൾ എന്നിവയിലൂടെ ലഭ്യമാക്കി കുഞ്ഞുങ്ങളുടെ ശ്രവണ വൈകല്യം ഒഴിവാക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും, മാനന്തവാടി താലൂക്ക് ആശുപത്രിയിലും ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി നടപടികൾ ആരംഭിച്ചിട്ടുണ്ട്

7. ഹെൽപ്പ് ഡെസ്ക്

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഫയൽ ഫോളോ അപ് ഉൾപ്പെടെയുള്ള ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനമായി പ്രവർത്തിക്കുന്നതിനും വേ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതാണ്. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഇതേ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലൂടെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

8. പ്രോജക്ട് ഓട്ടിസം

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്. ഈ കേന്ദ്രങ്ങളുടെ നടത്തിപ്പിന് ആധാരമായ ഭരണാനുമതി ലഭിച്ചിട്ടു്. പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്

9. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

10. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000 ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉന്നൊണ് കണക്ക്. 1000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇവ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുളള ഭരണാനുമതി ലഭിച്ചിട്ടുണ്ട്

11. **അംഗപരിമിതർക്കായുളള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുളള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുളള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ് ഇതിനുളള അപേക്ഷാഫാറങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാക്കിയിട്ടുണ്ട്

12. **കറക്ഷൻ സർജറികൾ**

അംഗപരിമിതികൾ മറികടക്കാൻ ആവശ്യമായി വരുന്ന കറക്ഷൻ സർജറികൾ മെഡിക്കൽ കോളേജുകളുമായും, ഈ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുമായും സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

13. **Student Initiative in Community Rehabilitation**

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി **Student Initiative in Community Rehabilitation** എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ ഒരു പദ്ധതി നടപ്പാക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതാണ്.

14. **ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും**

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളും അനുയാത്രയുടെ ഭാഗമായി നടത്തുന്നതാണ്.

15. **വ്യക്തിഗത പരിപാലന പ്ലാൻ**

അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുന്നതിനും (Individual Care Plan) അതനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുളള നടപടികൾ ആരംഭിക്കും.

16. **അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം**

അംഗപരിമിതർക്കായി തൊഴിൽ പരിശീലനങ്ങൾ, ഇവർക്ക് അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള Assistive Device-കൾ തുടങ്ങിയവ WHO മാനദണ്ഡങ്ങൾ പ്രകാരം ലഭ്യമാക്കുന്നതിനായി ഒരു വിദഗ്ധ കേന്ദ്രം അനുയാത്രാ ക്യാമ്പയിനിന്റെ ഭാഗമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

17. **വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ -എം.പവർ**

അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽകരണ പരിപാടികൾ, എന്നിവ നടപ്പാക്കും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് **എം.പവർ** എന്ന പേരിൽ നടപ്പാക്കിയ പദ്ധതിയിലൂടെ മാജിക് പരിശീലനം നൽകി ഇവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors ) ബഹു. ഇൻഡ്യൻ ഉപരാഷ്ട്രപതി 2017 ജൂൺ 12 ന് പ്രഖ്യാപിച്ചിട്ടു്. മാജിക് അക്കാദമിയാണ് ഇവർക്ക് പരിശീലനം നൽകിയത്.

18. **പരിക്കുകൾ മൂലം ഉാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ**

**(Injury Related Disability Prevention and Management)**

നമ്മുടെ സംസ്ഥാനത്ത് 47 % ദീർഘകാല അംഗപരിമിതികളും വിവിധതരം അപകടങ്ങൾ, വീഴ്ച്ചകൾ തുടങ്ങിയവ മൂലമാകുന്ന പരിക്കുകൾ കാരണമാണ് സംഭവിക്കുന്നത്. സമയബന്ധിതമായി അനുയോജ്യമായ ശാസ്ത്രീയ പരിചരണങ്ങൾ ശ്രദ്ധാപൂർവ്വം നൽകുന്നതിലൂടെ (ട്രോമാ കെയർ) ഈ അവസ്ഥ ഒരു വലിയ അളവിൽ കുറയ്ക്കാൻ കഴിയും. സംസ്ഥാനത്താകമാനം ഈ സേവനം ലഭ്യമാക്കുന്നതിനായി ഒരു ട്രോമാ കെയർ സംവിധാനം അനുയാത്രയുടെ ഭാഗമായി ആരംഭിക്കുന്നതാണ്. ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർമാരും നേഴ്സുമാരും അടങ്ങുന്ന ടീമുകൾക്ക് പ്രായോഗിക പരിശീലനം നൽകി വരുന്നു.

19. **അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്**

അംഗപരിമിതികളോടും അംഗപരിമിതരോടും ഉളള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ അനുകൂലമായ മാറ്റങ്ങൾ ഉ ണ്ടാക്കുന്നതിന് ദൃശ്യമാദ്ധ്യമങ്ങൾക്ക് വളരെയേറെ സ്വാധീനം ചെലുത്താൻ കഴിയും. കൂടാതെ അംഗപരിമിതിയുളളവർ ആർജ്ജിച്ച നേട്ടങ്ങൾ കാണാൻ അവസരങ്ങൾ ഉണ്ടാക്കുന്നതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഇവരെ പ്രേരിപ്പിക്കുകയും ചെയ്യും. ദൃശ്യമാദ്ധ്യമങ്ങൾ പ്രത്യേകിച്ചും സിനിമ ഇക്കാര്യത്തിൽ ഒരു നിർണായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇത്തരം ആശയങ്ങൾ പ്രതിഫലിക്കുന്ന ഒട്ടനവധി സിനിമകളും ഹൃസ്വ ചിത്രങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഡൽഹിയിലുളള വി കെയർ എന്ന സംഘടന ഇത്തരം ചിത്രങ്ങൾ ലഭ്യമാക്കുന്നുണ്ട. ഇത്തരം സിനിമകൾ സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനായി ഒരു ഫിലിംഫെസ്റ്റിവെൽ അനുയാത്രയുടെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്. കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ഇന്റർ യൂണിവേഴ്സ്റ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും ആയി സഹകരിച്ച് **"അനുയാത്ര- വികെയർഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്** "എന്ന പേരിൽ ഒരു ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതാണ്.

20. **പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്**

ചലനവൈകല്യങ്ങൾ ഉളളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ് തൃശൂരിലെ NIPMR ൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഭിന്നശേഷിക്കാർക്കായി വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ.

### 1. എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതി, ബി.പി.എൽ വിഭാഗത്തിന് വായ്പാ സബ്സിഡി :

കോർപ്പറേഷൻ 2000 മുതൽ 2018 ഏപ്രിൽ വരെ 2377 പേർക്ക് സ്വയംതൊഴിൽ/വിദ്യാഭ്യാസ വായ്പയായി ഏകദേശം 3478 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ഈ സർക്കാർ അധികാരമേറ്റശേഷം ഈ പദ്ധതി പ്രകാരം 347 പേർക്ക് സ്വയംതൊഴിൽ/വിദ്യാഭ്യാസ വായ്പയായി 975.72 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ഈ പദ്ധതി പ്രകാരം വായ്പാ എടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡിയും വിതരണം ചെയ്യുകയുണ്ടായി. എന്നാൽ ഈ കാലയളവിൽ നിരവധി ഭിന്നശേഷിക്കാർ മരണപ്പെടുകയുണ്ടായി. ഇതോടെ സംരംഭം നിലയ്ക്കുകയും വായ്പ്പ തിരിച്ചടവ് മുടങ്ങുകയും ചെയ്തതിന്റെ ഭാഗമായി ദേശിയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ ഭീമമായ തുക കുടിശ്ശികയായി. ഈ സാഹചര്യത്തിൽ വായ്പ്പ എടുത്ത് മരണപ്പെട്ട ഗുണഭോക്താക്കളുടെ വായ്പ്പ പൂർണ്ണമായി എഴുതി തള്ളുവാനും കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശ തുകയിൽ ഇളവ് വരുത്തി ഒറ്റത്തവണ തീർപ്പാക്കുന്നത് തുക സർക്കാരിനോട് ആവശ്യപ്പെടുകയും ചെയുകയുണ്ടായി, ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുകയും സർക്കാർ 15/09/2017-ലെ സ.ഉ.(സാധാ)നം. 601/2017/സാ.നീ.വ പ്രകാരം ഇതിന് അനുമതി നൽകി എസ്.ഡി.ജി മുഖേന 1.84 കോടി രൂപ അനുവദിച്ചു. ഇതിൻ പ്രകാരം മരണപ്പെട്ട 31 ഗുണഭോക്താക്കളുടെ വായ്പ പൂർണ്ണമായും എഴുതിത്തള്ളി. കുടിശ്ശിക വരുത്തിയ 212 ഗുണഭോക്താക്കളുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശ തുകയിൽ 75% ഇളവ് വരുത്തി ഒറ്റത്തവണ തീർപ്പാക്കുന്നതുനുള്ള നടപടികൾ നടന്നുവരുകയാണ്. ഇതിൽ കുടിശ്ശിക വരുത്തിയ 32 പേരുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശ തുകയിൽ 75% ഇളവ് വരുത്തി ഒറ്റത്തവണ തീർപ്പാക്കിട്ടുണ്ട്.

### 2. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി) :

ദേശസാൽകൃത ബാങ്കുകളിൽ നിന്ന് കോർപ്പറേഷന്റെ ശുപാർശയനുസരിച്ച് ഭിന്നശേഷികാർക്ക് വായ്പ അനുവദിക്കുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ പരമാവധി ഒരു **ലക്ഷം രൂപ വരെ സബ്സിഡി നൽകി വരുന്നു. സബ്സിഡി ഇനത്തിൽ 76.66 ലക്ഷം രൂപ** വിതരണം ചെയ്യുകയുണ്ടായി.

### 3. ഭിന്നശേഷിക്കാർക്കുള്ള സഹായസാമഗ്രികളുടെ സൗജന്യ വിതരണം :

കോർപ്പറേഷന്റെ ഓഫീസുകൾ മുഖാന്തിരവും ക്യാമ്പുകൾ നടത്തിയും ഭിന്നശേഷിക്കാർക്ക് ആവശ്യമായ 130.65 ലക്ഷം രൂപയുടെ ട്രൈസൈക്കിൾ,

വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങൾ 7239 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ വിപുലമായ ഉപകരണ നിർണ്ണയ വിതരണ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

| സ്ഥലം | | ജില്ല |
|---|---|---|
| പിണറായി | - | കണ്ണൂർ |
| കൂത്തുപറമ്പ് | - | കണ്ണൂർ |
| തവനൂർ | - | മലപ്പുറം |
| പേരാമ്പ്ര | - | കോഴിക്കോട് |
| ആര്യാട് | - | ആലപ്പുഴ - |

ക്യാമ്പിൽ പങ്കെടുത്തവരുടെ അളവെടുത്ത് നിർമ്മിച്ച ഉപകരണങ്ങൾ ഒരു മാസത്തിനകം വിതരണം ചെയ്യും.

**4. മോട്ടോറൈസ്ഡ് അഡാപ്റ്റീവ് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി :**

സ്വന്തമായി വാഹനം വാങ്ങി ഉപയോഗിക്കുന്ന ഭിന്നശേഷിക്കാരായ 32 പേർക്ക് പുതിയ സ്ക്കൂട്ടറിൽ സൈഡ്‌വീൽ ഘടിപ്പിക്കുന്നതിന് 10000/ രൂപ വീതം സബ്സിഡി വിതരണം ചെയ്തു. പുതിയ സാമ്പത്തിക വർഷം ഇത് പരമാവധി 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**5. ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം :**

. ഭിന്നശേഷിക്കാർക്ക് ആയാസരഹിതമായി സഞ്ചരിക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനായി ആരംഭിച്ച 'ശുഭയാത്ര' മുച്ചക്രവാഹന വിതരണ പദ്ധതിയുടെ ഭാഗമായി മോട്ടോറൈസ്ഡ് സ്കൂട്ടറുകൾ വിതരണം ചെയ്തുവരുന്നു. 5.26 കോടി രൂപയ്ക്കുള്ള 846 സ്കൂട്ടറുകൾക്ക് വാങ്ങുന്നതിനായി വകുപ്പുതല വാങ്ങൽ സമിതി (ഡി.പി.സി) അംഗീകാരം ലഭിച്ചതിൽ 358 ഭിന്നശേഷിക്കാർക്ക് ഇതിനകം സ്കൂട്ടർ വിതരണം ചെയ്തു. ശേഷിക്കുന്ന വിതരണം ചെയ്യുന്നതിന് ഷെഡ്യൂൾ തയ്യാറാക്കി വരുന്നു.

**6. വൈകല്യം ബാധിച്ച ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമുള്ള സ്ഥിരനിക്ഷേപ പദ്ധതി.**

തീവ്രവും, അതിതീവ്രവും ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ സ്ഥിര നിക്ഷേപം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം 105.10 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി. നിലവിൽ 10 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ പേരിൽ 15000/- രൂപയും പെൺകുട്ടികളുടെ പേരിൽ 20000/- രൂപയുമായിരുന്നത് പ്രായം 12 വയസ്സാക്കിയും എല്ലാ കുട്ടികൾക്കും തുക 20000/- രൂപയാക്കിയും വർദ്ധിപ്പിച്ചു.

**7. സമർത്ഥരായ ഭിന്നശേഷിക്കാർക്ക് അവാർഡ് വിതരണം**

ഉയർന്ന മാർക്കു നേടിയ 178 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 2500 രൂപ വീതം 4.45 ലക്ഷം രൂപ പ്രൊഫിഷ്യൻസി അവാർഡ് വിതരണം ചെയ്തു. 2018-19 ൽ 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**8. സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം.**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള സഹായമായി 50 പേർക്ക് 5000/- രൂപ വീതം നൽകിയിട്ടുണ്ട്. ഇത് 10000 രൂപയായി വർദ്ധിപ്പിച്ചു.

**9. വൃദ്ധസദനം, പാറശാല**

പാറശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധ സദന പരിപാലനത്തിന് 17.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 25 അന്തേവാസികൾ ഇവിടെ ഉണ്ട്.

**10. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയിസ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ സംവിധാനമുള്ള ലാപ്പ്ടോപ്പ് തുടങ്ങിയവയുടെ സൗജന്യ വിതരണം.**

ഭിന്നശേഷിക്കാരായവർക്ക് വേണ്ട 10 ഇലക്ട്രോണിക് വീൽചെയർ മാനദണ്ഡങ്ങൾക്കു വിധേയമായി വിതരണം ചെയ്യുതു. കൂടാതെ "കാഴ്ച 2018" എന്ന പേരിൽ കാഴ്ച പരിമിതിയുള്ള 100 വിദ്യാർത്ഥികൾക്ക് വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്വെയറോട് കൂടിയ ലാപ്പ്ടോപ്പ് വിതരണം ചെയ്തു.

10. <u>എം.ആർ.എസ്.റ്റിയൂണിറ്റിന്റെ നവീകരണം</u>

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റ് പാറ്റൂരിൽ പ്രവർത്തിച്ചു വരുന്നു. 2000-ൽ ആരംഭിച്ച ഈ നിർമ്മാണ യൂണിറ്റ് ആധുനീക വൽക്കരിക്കുന്നതിന്റെ ഭാഗമായി പാറശ്ശാലയിലുള്ള ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിലേയ്ക്ക് എം.ആർ.എസ്.റ്റി (Manufacturing Repairing Servicing & Training Unit ) യൂണിറ്റ് മാറ്റി സ്ഥാപിച്ച് ആധുനികരീതിയിലുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ഗുണനിലവാരമുള്ള സഹായ ഉപകരണങ്ങൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിന് ഇതുവഴി സാധിക്കും.